DCIDK/19991/2017-DM1

## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കിയുടെ അദ്ധ്യക്ഷതയിൽ 14-05-2021 തിയതിയിൽ ചേർന്ന ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി കമ്മറ്റിയുടെ നടപടിക്കുറിപ്പ്

യോഗനടപടികൾ രാവിലെ 11.00 മണിക്ക് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്ത് പ്രസിഡൻെറ്, ഇടുക്കി
2. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, കോട്ടയം
3. സബ് കളക്ടർ, ദേവികുളം
4. റവന്യൂ ഡിവിഷണൽ ആഫീസർ, ഇടുക്കി
5. സീനിയർ ജിയോളജിസ്റ്റ്, ഇടുക്കി-തൊടുപുഴ
6. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, ഇടുക്കി-തൊടുപുഴ
7. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഡാം സേഫ്റ്റി, ഇടുക്കി
8. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി-തൊടുപുഴ
9. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (എൻ.എച്ച്), മൂവാറ്റുപുഴ
10. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ, ഇടുക്കി
11. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, ഇടുക്കി
12. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തൊടുപുഴ
13. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, കട്ടപ്പന
14. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ, കോട്ടയം
15. എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി, മുട്ടം- തൊടുപുഴ
16. എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ അതോറിറ്റി, തൊടുപുഴ/കട്ടപ്പന
17. അസിസ്റ്റൻറ് ഡയറക്ടർ, ഫിഷറീസ്, ഇടുക്കി-പൈനാവ്
18. ജില്ലാ ഓഫീസർ, മൃഗ സംരക്ഷണ വകുപ്പ്, ഇടുക്കി-തൊടുപുഴ
19. ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം, ഇടുക്കി-തൊടുപുഴ
20. ജില്ലാ മെഡിക്കൽ ഓഫീസർ, ഭാരതീയ ചികിത്സാ വകുപ്പ്/ഹോമിയോ
21. ഡെപ്യൂട്ടി ഡയറക്ടർ, ടൂറിസം, തേക്കടി
22. സെക്രട്ടറി, ഡി.റ്റി.പി.സി, ഇടുക്കി
23. ജില്ലാ സപ്ലൈ ആഫീസർ, ഇടുക്കി-തൊടുപുഴ
24. പ്രിൻസിപ്പൽ കൃഷി ആഫീസർ, ഇടുക്കി-തൊടുപുഴ
25. ജില്ലാ ട്രാൻസ്പോർട്ട് ആഫീസർ, ഇടുക്കി-തൊടുപുഴ
26. പ്രൊജക്റ്റ് ആഫീസർ, ഐ.റ്റി.ഡി.പി, തൊടുപുഴ
27. ജില്ലാ പട്ടികജാതി വികസന ആഫീസർ, ഇടുക്കി
28. ജില്ലാ സാമൂഹ്യ നീതി ആഫീസർ, ഇടുക്കി
29. ജില്ലാ വനിത ശിശു വികസന ആഫീസർ, ഇടുക്കി
30. ജില്ലാ ഇൻഫർമേഷൻ ആഫീസർ, ഇടുക്കി
31. ഡെപ്യൂട്ടി കമ്മീഷണർ, എക്സൈസ്, തൊടുപുഴ
32. ജില്ലാ മണ്ണ് സംരക്ഷണ ആഫീസർ, ഇടുക്കി
33. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) ഇടുക്കി
34. തഹസിൽദാർ, ഇടുക്കി, ദേവികുളം, ഉടുമ്പൻചോല, പീരുമേട്, തൊടുപുഴ

35. മുനിസിപ്പൽ സെക്രട്ടറി, തൊടുപുഴ/കട്ടപ്പന
36. സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, തൊടുപുഴ.

യോഗത്തിൻെറ അജണ്ട ചെയർമാൻ അവതരിപ്പിച്ചു. കാലവർഷ തുലാവർഷ മുന്നൊരുക്കങ്ങളുടെ ഭാഗമായി അടിയന്തിരമായി ജില്ലയിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായിട്ടാണ് അയിയന്തിരമായി യോഗം വിളിച്ചു ചേർത്തിട്ടുള്ളതെന്ന് അദ്ധ്യക്ഷൻ യോഗത്തിൽ അറിയിച്ചു. സത്വരമായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള യോഗതീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

- റോഡരികിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ/ശിഖരങ്ങൾ നീക്കം ചെയ്യുവാൻ പൊതുമരാമത്ത് റോഡ്സ്, എൻ.എച്ച്, എൽ.എസ്.ജി.ഡി വകുപ്പുകൾ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും റോഡിൻെറ വശങ്ങളിൽ വനഭൂമിയിൽ അപകടാവസ്ഥയിൽ നിൽക്കുന്ന മരങ്ങൾ/ ശിഖരങ്ങൾ മുറിച്ചു നിൽക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി ചേർന്ന് സോഷ്യൽ ഫോറസ്റ്റി വിഭാഗം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഈ മാസം 31 നകം തന്നെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണെന്നും ചെയർമാൻ നിർദ്ദേശിച്ചു.
- സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ അപകടകരമായ നിൽക്കുന്ന മരങ്ങൾ/ശിഖരങ്ങൾ മൂലം നാശനഷ്ടം ഉണ്ടായാൽ നഷ്ടപരിഹാരം വ്യക്തി വഹിക്കേണ്ടതാണെന്നും ആയത് സംബന്ധിച്ച് പൊതു ജനങ്ങളെ അറിയിക്കുന്നതിനായി പത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു.
- സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ അപകടകരമായ നിൽക്കുന്ന മരങ്ങൾ/ ശിഖരങ്ങൾ മുറിച്ചു നീക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ട്രീ കമ്മിറ്റി ചേർന്ന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് ഡി ഡി പി യെ ചുമതലപ്പെടുത്തി. ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള തർക്കങ്ങൾ ഉണ്ടാകുന്നപക്ഷം അടിയന്തിരമായി പരിഹരിച്ച് 5 ദിവസത്തിനകം ഉത്തരവ് നൽകുന്നതിന് സബ് കളക്ടറെയും, റവന്യു ഡിവിഷണൽ ഓഫിസറെയും ചുമതലപ്പെടുത്തി.
- വിവിധ വകുപ്പുകളുടെ ഓഫീസ് പരിസരത്ത് അപകടകരമായി നിൽക്കുന്ന മരങ്ങൾ/ശിഖരങ്ങൾ നീക്കം ചെയ്യുവാൻ ബന്ധപ്പെട്ട ഓഫീസ് മേധാവികൾതന്നെ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ അറിയിച്ചു.
- ആരോഗ്യവകുപ്പ് അടിയന്തരമായി ആശാവർക്കർമാരുടെയും പി.എച്ച്.സി ജീവനക്കാരുടെയും ജില്ലാതല യോഗം ചേരേണ്ടതും, സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണെന്നും കൊവിഡ് 19 പ്രതിസന്ധി നിലനിൽക്കെ തന്നെ മഴക്കാലത്തുണ്ടാകുന്ന പകർച്ചവ്യാധികൾ പ്രതിരോധിക്കാൻ ആവശ്യമായ മരുന്നുകൾ ശേഖരിച്ച് സൂക്ഷിക്കുന്നതും ആശുപത്രികളും, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും സജീവമായി പ്രവർത്തിക്കേണ്ടതാണെന്നും അധ്യക്ഷൻ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് ജില്ലാതല കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ടെന്നും വെള്ളപ്പൊക്കം രൂക്ഷമായാൽ വണ്ടിപ്പെരിയാർ പി എച്ച് സി യിൽ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും ആയതിനാൽ മുന്നൊരുക്കങ്ങൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടന്നും അതോടൊപ്പം കൊവിഡ് കെയർ സെൻെററുകളിൽ ജനറേറ്ററുകളുടെ ലഭ്യത ഉറപ്പാക്കാൻ നർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

കൊവിഡ് 19 പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ ക്യാമ്പുകൾ ക്രമീകരിക്കുമ്പോൾ കൊവിഡ് രോഗികൾക്കായി പ്രത്യേകം കെട്ടിടങ്ങൾ കണ്ടെത്താൻ തഹസീൽദാർമാർ ശ്രദ്ധിക്കണമെന്നും, കെട്ടിട്ടങ്ങൾ കണ്ടെത്തി സൗകര്യങ്ങൾ പരിശോധിച്ച് മെയ് 31 നകം വിവരം റിപ്പോർട്ട് ചെയ്യുന്നതിനും അദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

- മലവെള്ള കുത്തൊഴുക്ക് ഉണ്ടായേക്കാവുന്ന നദീ തീരങ്ങൾ, കുളിക്കടവുകൾ മണ്ണിടിച്ചിൽ ഉണ്ടായേക്കാവുന്ന മേഖലകൾ എന്നിവിടങ്ങളിൽ പ്രത്യേക മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഇപ്രകാരമുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ടൂറിസം വകുപ്പ് എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണാണെന്നും ഇത്തരം ബോർഡുകൾ മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് ഭാഷകളിൽ സ്ഥാപിക്കണമെന്നും ഇതിനായി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് തന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്നും അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.
- റോഡിൻെറ വശങ്ങളിൽ കാഴ്ച മറയുന്ന രീതിയിൽ വളർന്നു നിൽക്കുന്ന കുറ്റിക്കാടുകളും റോഡിലേക്ക് ചേർന്നു നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിനും നിലവിലുള്ള മുന്നറിയിപ്പ് ബോർഡുകൾ വൃത്തിയാക്കുന്നതിനും ആവശ്യമെങ്കിൽ പുതിയവ സ്ഥാപിക്കുന്നതിനും പിഡബ്ല്യൂഡി റോഡ്സ്, എൻഎച്ച് വകുപ്പുകൾ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അദ്ധ്യക്ഷൻ അറിയിച്ചു.
- പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ വകുപ്പുകളുടെ കൈവശമുള്ള എല്ലാ അസ്കാ ലൈറ്റുകളും ചെയിൻ സോ കളും പ്രവർത്തനസജ്ജം ആണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് വകുപ്പ് അധികാരികളോട് അദ്ധ്യക്ഷൻ നിർദ്ദേശിച്ചു. ഇവയുടെ റിപ്പയറിംഗിനും മറ്റുമായി ഫണ്ട് ആവശ്യമുണ്ടെങ്കിൽ അനുവദിച്ച് നൽകാമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിന് ഫയർ ആൻെറ് റസ്ക്യു വകുപ്പിന് ഡിങ്കികൾ വാങ്ങുന്നതിന് ഫണ്ട് നൽകണമെന്നും, അത്യാവശ്യ സമയങ്ങളിൽ പ്രയോജനപ്പെടുത്തുന്നതിന് ഫയർ എക്സ്റ്റിംഗ്യുഷറുകൾ വാങ്ങി നൽകണമെന്നും, നിലവിൽ തദ്ദേശവാസികളായുള്ള ആളുകളെ ഉൾപ്പെടുത്തി 50 പേരടങ്ങുന്ന യൂണിറ്റുകൾ ജില്ലയിലെ ഫയർ സ്റ്റേഷനുകളുടെ കീഴിൽ സജ്ജമായിട്ടുണ്ടെന്നും അവർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും അടിയന്തിര സാഹചര്യങ്ങളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്നും ജില്ലാ ഫയർ ഓഫീസർ യോഗത്തിൽ അറിയിച്ചു.

- ജില്ലയിലെ പ്രധാന റോഡുകളുടെ സെൻട്രൽ ലൈൻ വ്യക്തമായി കാണത്തക്ക രീതിയിൽ വരയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനും പ്രത്യേകിച്ച് മഞ്ഞ് മൂടിക്കിടക്കുന്ന കുളമാവ് പോലുള്ള പ്രദേശങ്ങളിലെ റോഡിലെ സൈഡ് ലൈനുകളും, സെൻട്രൽ ലൈനുകളും കാണത്തക്ക രീതിയിൽ ക്രമീകരണം ചെയ്യണമെന്നും ഹെയർ പിൻ വളവുകളിലെ കുഴികൾ അപകടം വരുത്തുമെന്നുള്ളതിനാൽ ഇത്തരത്തിൽ കുഴികൾ രൂപപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും പിഡബ്ല്യൂഡി റോഡ്സ്, എൻഎച്ച് വിഭാഗം എന്നിവരെ യോഗം ചുമതലപ്പെടുത്തി.
- പാറമടകളിലെ കുളങ്ങൾക്ക് ചുറ്റും ഉറപ്പും, ഉയരവുമുള്ള മുള്ളുവേലി കമ്പിവേലി മതിൽ കെട്ടി സംരക്ഷിക്കേണ്ടതാണെന്നും അതിനായി എല്ലാ പാറമട ഉടമസ്ഥർക്കും നോട്ടീസ്

നൽകണമെന്നും ഈ നിർദ്ദേശം എല്ലാ സ്വകാര്യ പാറമട ഉടമസ്ഥരും പാലിച്ചു എന്ന് ജില്ലാ ജിയോളജിസ്റ്റ് ഉറപ്പുവരുത്തണമെന്ന് അധ്യക്ഷൻ അറിയിച്ചു. പ്രവർത്തനം നിലച്ച പാറമടകുളങ്ങൾ ഉള്ള പാറമട ഉടമസ്ഥർക്കും ഈ തീരുമാനം ബാധകമാണെന്നും ജില്ലാ കളക്ടർ യോഗത്തിൽ അറിയിച്ചു

- ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള പടുതാ കുളങ്ങൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഇത്തരം പടുതാക്കുളങ്ങളുള്ള വ്യക്തികളുടെ വിവരങ്ങൾ ശേഖരിച്ച് അവർക്ക് നോട്ടീസ് നൽകുവാൻ ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. അനധികൃതമായ പടുതാക്കുളങ്ങളുടെ നിർമ്മാണം ദുരന്ത നിവാരണ നിയമ പ്രകാരം നിരോധിക്കാമെന്ന് യോഗത്തിൽ തീരുമാനിച്ചു. സ്വകാര്യ വ്യക്തികളുടെ പടുതാക്കുളം സംബന്ധിച്ചുള്ള വിവരങ്ങൾ അടുത്തുള്ള ചെറുകിട ജലസേചന വിഭാഗം കാര്യാലയത്തിൽ അറിയിക്കുന്നതിനുള്ള പത്രക്കുറിപ്പ് പ്രസിദ്ധീകരിക്കുന്നതിന് ജില്ലാ ഇൻഫർമേഷൻ ഓഫീസറെ അധ്യക്ഷൻ ചുമതലപ്പെടുത്തി.
- ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും സന്നദ്ധസേന രൂപീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദേശം നൽകി . പ്രാദേശിക തലത്തിൽ രൂപീകരിച്ചിട്ടുള്ള സന്നദ്ധ സംഘടനയിലെ വോളൻെറിയർമാർക്ക് ദുരന്ത നിവാരണവുമായി ബന്ധപ്പെട്ടുള്ള പരിശീലനം നൽകുന്നതിന് ജില്ലാ ഫയർ ഓഫീസർക്ക് അധ്യക്ഷൻ നിർദ്ദേശം നൽകി.

ഇത്തരത്തിൽ പ്രവർത്തിക്കുന്ന വോളൻെറിയർമാർക്ക് ഒരേ ഡ്രസ് കോഡ് അഭികാമ്യമാണെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ള ഡ്രസ്സുകൾ അതാത് പഞ്ചായത്തുകൾ തന്നെ തയ്യാറാക്കണമെന്നും ഇതിൻെറ ഡിസൈൻ ജില്ലാ തലത്തിൽ തന്നെ ക്രമീകരിക്കാമെന്നും അധ്യക്ഷൻ അറിയിച്ചു.

- ജില്ലയിൽ ലഭ്യമായ ജെ സി ബി, ഹിറ്റാച്ചി, ചെയിൻ സോ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ തഹസീൽദാർ മുഖേന ക്രോഡീകരിച്ച് 31-05-2021 നകം DEOC യിൽ ലഭ്യമാക്കേണ്ടതാണെന്ന് അധ്യക്ഷൻ അറിയിച്ചു. കൊവിഡ് പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ ഓക്സിജൻ സിലിണ്ടറുകളുടെ സുഗമമായ ട്രാൻസ്പോർട്ടേഷന് മരം വീണോ, മണ്ണിടിഞ്ഞ് വീണോ റോഡ് ബ്ലോക്കായാൽ അവ നീക്കം ചെയ്യുന്നതിനായി പ്രസ്തുത ലിസ്റ്റ് പ്രകാരം ഏറ്റവും അടുത്ത സ്ഥലത്തു നിന്നും സഹായം എത്തിക്കാൻ സാധിക്കുമെന്നും അധ്യക്ഷൻ അഭിപ്രായപ്പെട്ടു.
- ഡാമുകളുടെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്ന സാഹചര്യത്തിൻെറ മുൻകരുതലായി ജലം പുറത്തേക്കൊഴുകുന്ന പാതയുടെ ഇരുവശങ്ങളിലുള്ള മാറ്റിപ്പാർപ്പിക്കേണ്ടവരുടെ വിവര ശേഖരണം നടത്തി ലിസ്റ്റ് തയ്യാറാക്കി DEOC യിൽ ലഭ്യമാക്കുന്നതിന് തഹസീൽദാർമാരെ ചുമതലപ്പെടുത്തി.
- റോഡുകളുടെ വശങ്ങളിലെ ഓടകൾക്ക് മുകളിൽ സ്ഥാപിച്ചിട്ടുള്ള സ്ലാബുകൾ പരിശോധിക്കുന്നതിനും അപകടാവസ്ഥയിലുള്ളവ എത്രയും വേഗം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പൊതുമരാമത്ത് റോഡ്സ്, എൻ എച്ച്, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് അധ്യക്ഷൻ നിർദ്ദേശം നൽകി.
- ഇടമലക്കുടി വനമേഖലയിലെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികൾ മൺസൂൺ കാലത്തിന് മുമ്പായി പൂർത്തീകരിത്തണമെന്ന് അധ്യക്ഷൻ അറിയിച്ചു. എന്നാൽ വനം വകുപ്പിൽ നിന്നും NOC ലഭിക്കാത്തതിനാലാണ് പണി പൂർത്തീകരിക്കാൻ സാധിക്കാത്തതെന്ന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്

അറിയിച്ചു. ടി സാഹചര്യത്തിൽ ഫോറസ്റ്റിൽ നിന്നും അനുമതി ലഭിക്കുന്നതിന് മൂന്നാർ ഡി എഫ് ഒ യുമായി നേരിട്ട് സംസാരിച്ച് തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തി.

- മരങ്ങൾ ലൈനിൽ ഒടിഞ്ഞ് വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് കെ എസ് ഇ ബി യ്ക്ക് യോഗത്തിൽ നിർദ്ദേശം നൽകി. കൊവിഡ് പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ വൈദ്യുതിയുടെ ലഭ്യത ഉറപ്പാക്കണമെന്നും ഏതെങ്കിലും തരത്തിൽ തടസ്സം നേരിട്ടാൽ ആയത് എത്രയും വേഗത്തിൽ പരാതി രഹിതമായി തന്നെ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അധ്യക്ഷൻ അറിയിച്ചു.
- മൺസൂൺ ആരംഭിക്കുന്നതുവരെ അടിയന്തിര ആവശ്യങ്ങൾക്കായി മണ്ണെടുക്കുന്നത് അനുവദിക്കാമെന്ന് ജില്ലാ ജിയോളജിസ്റ്റിന് അധ്യക്ഷൻ നിർദ്ദേശം നൽകി. ജൂൺ മുതൽ ഓഗസ്റ്റ് അവസാനം വരെ ക്വാറി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാവുന്നതാണെന്നും അതിനായുള്ള ഉത്തരവ് പിന്നീട് നൽകാമെന്നും അധ്യക്ഷൻ യോഗത്തിൽ അറിയിച്ചു.
- തോടുകളിലും പുഴകളിലും അടിഞ്ഞുകൂടിയിരിക്കുന്ന ഇനിയും നീക്കം ചെയ്യിട്ടില്ലാത്ത മണ്ണും ചെളിയും എക്കലുകളും അടിയന്തിരമായി നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തിന് നിർദ്ദേശം നൽകി. ഫണ്ട് ആവശ്യമെങ്കിൽ അനുവദിച്ച് നൽകാമെന്നും അധ്യക്ഷൻ അറിയിച്ചു.
- ഡൊമിസിലിയറി കെയർ സെൻെററിനായി കണ്ടെത്തിയിട്ടുള്ള കെട്ടിടങ്ങൾ DCC ആയി പ്രവർത്തനം ആരംഭിച്ചിട്ടില്ലയെന്നും ആവശ്യമെങ്കിൽ അവ ദുരിതാശ്വാസ ക്യാമ്പുകളായി മാറ്റാവുന്നതാണെന്നും ദേവികുളം സബ്കളക്ടർ അറിയിച്ചു. എന്നാൽ അടിയന്തിര സാഹചര്യം ഉണ്ടായാൽ റിസോർട്ടുകൾ ദുരന്ത നിവാരണ നിയമപ്രകാരം ഏറ്റെടുക്കാവുന്നതാണെന്ന് ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ അധ്യക്ഷൻ അറിയിച്ചു.
- കൊവിഡ് പ്രതിസന്ധി മൂലം സ്കൂളുകൾ നിലവിൽ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിൽ അടിയന്തിര സാഹചര്യം നേരിട്ടാൽ ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജീകരിക്കുന്നതിനായി സ്കൂളുകൾ തുറന്ന് ശുചീകരണം നടത്തുവാനും ടോയിലറ്റുകൾ ഉപയോഗയുക്തമാണെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ സ്കൂൾ മേലധികാരികൾക്കും നിർദ്ദേശം നൽകുന്നതിനും ആയത് ഉറപ്പ് വരുത്തുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷനെ അധ്യക്ഷൻ ചുമതലപ്പെടുത്തി.
- മൂന്നാർ ഗ്യാപ് റോഡിൻെറ പണികൾ എത്രയും വേഗത്തിൽ മഴക്കാലത്തിന് മുമ്പ് പൂർത്തീകരിച്ചില്ലെങ്കിൽ തുടർ പ്രവർത്തനങ്ങൾ ദുഷ്കരമാകുമെന്ന് ദേവികുളം സബ്കളക്ടർ അറിയിച്ചു. ഇതിനായി പ്രത്യേകം മീറ്റിംഗ് ഉടൻ തന്നെ വിളിക്കാമെന്ന് അധ്യക്ഷൻ യോഗത്തിൽ അറിയിച്ചു.
- ജില്ലാ ഫയർ ആൻെറ് റസ്ക്യൂ വിഭാഗത്തിൻെറ പക്കൽ 60 ഓക്സിജൻ സിലിണ്ടറുകൾ ഉണ്ടെന്നും ആയത് കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി കൈമാറാവുന്നതാണെന്നും ജില്ലാ ഫയർ ഓഫീസർ യോഗത്തിൽ അറിയിച്ചു. ഇത്തരത്തിൽ തീരുമാനം കൈക്കൊണ്ട ജില്ലാ ഫയർ ആൻെറ് റസ്ക്യൂ വിഭാഗത്തെയും, ജില്ലാ ഫയർ ഓഫീസറെയും അധ്യക്ഷൻ അഭിനന്ദിക്കുകയും അവരോടുള്ള നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.
- തൊടുപുഴ ടൌണിൽ അപകടകരമായ രീതിയിൽ പല മരങ്ങൾ ഇപ്പോഴും നിൽക്കുന്നുണ്ടെന്നും അവ അടിയന്തിരമായി മുറിച്ച് മാറ്റേണ്ടതാണെന്ന് യോഗത്തിൽ

പരാമർശം ഉണ്ടായതിൽ ഇത്തരത്തിലുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തെ അധ്യക്ഷൻ ചുമതലപ്പെടുത്തി.

- ഇലക്ഷനുമായി ബന്ധപ്പെട്ട് ടൌണുകളിലും മറ്റുമായി സ്ഥാപിച്ചിട്ടുള്ള സ്ഥാനാർത്ഥികളുടെ വലിയ ബോർഡുകൾ എത്രയും വേഗം നീക്കം ചെയ്യുന്നതിന് സ്ഥാനാർത്ഥികൾക്ക് കത്ത് നൽകുന്നതിന് തഹസീൽദാർമാരെ .യോഗം ചുമതലപ്പെടുത്തി.
- ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ കൊവിഡ് പരിശോധന ശ്രവങ്ങൾ ശേഖരിച്ച് ഇടുക്കി മെഡിക്കൽ കോളേജിലും ഐ യു സി ബി ആർ ലാബ് കോട്ടയം, വൈറോളജി ലാബ് ആലപ്പുഴ എന്നിവിടങ്ങളിൽ എത്തിക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷൻെറ കരാർ വാഹനങ്ങളും എം ഒ യു ഉള്ള വാഹനങ്ങളുമാണ് നിലവിൽ ഉപയോഗപ്പെടുത്തുന്നത്. ടി വാഹനങ്ങൾക്ക് നൽകിയ മാസ വാടകയ്ക്ക് തന്നെ തുടർന്നും ഈ സേവനം ഉപയോഗിക്കുവാൻ യോഗം അനുമതി നൽകി.
- എം സി എച്ച് ഇടുക്കിയിലും, ജില്ലാ ആശുപത്രി തൊടുപുഴയിലും കൊവിഡ് രോഗികളുടെ രക്തം എക്സ്റേ, സി ടി സ്കാൻ എന്നീ പരിശോധനകൾക്കുള്ള ചെലവ് തൽക്കാലം ആശുപത്രി മാനേജ്മെൻെറ് കമ്മിറ്റിയിൽ നിന്നും ചെലവാക്കി പിന്നീട് SDRF ൽ നിന്നും റീക്കുപ്പ് ചെയ്യുവാനും യോഗം തീരുമാനിച്ചു.
- എം സി എച്ച് ഇടുക്കിയിൽ സി എസ് ആർ എഫ് ഉപയോഗിച്ച് നിർമ്മിക്കുന്ന ഓക്സിജൻ പ്ലാൻെറിൻെറ സിവിൽ ഇലക് ട്രിക്കൽ വർക്കുകൾ നടത്തുവാൻ എൻ എച്ച് എം ജില്ലാ പ്രോഗ്രാം മാനേജരെ യോഗം ചുമതലപ്പെടുത്തി.
- ഹോം ഐസലേഷനിൽ കഴിയുന്നവർക്ക് ആവശ്യമായ പരിശോധനകൾ നടത്തുവാനുള്ള ചെലവുകൾ അതാത് പഞ്ചായത്തുകൾ വഹിക്കേണ്ടതാണെന്നും യോഗത്തിൽ തീരുമാനിച്ചു.

ഉച്ചയ്ക്ക് 12.30 മണിക്ക് യോഗനടപടികൾ പര്യവസാനിച്ചു.

(ഒപ്പ്)
ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ഇടുക്കി

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട് (ഡി.എം.)